# ജാഗ്രതയുടെ കേരളീയം ഇങ്ങിനെ ചെയ്യാമോ?

ഇത്തവണത്തെ കേരളീയത്തിന്റെ ലേ ഔട്ട് മനോഹരം. സൂക്ഷ്മമായി സംവദിക്കുന്നുണ്ട്, മാറ്റർ സെലക്ഷനിലെ ഔചിത്യവും എഡിറ്റിംഗും. അഭിനന്ദനങ്ങൾ.

ആംവേ - അമേരിക്കൻ ബഹുരാഷ്ട്ര കമ്പനിയുടെ മുഴുനീളപ്പരസ്യം കണ്ടന്തം വിട്ടുപോയി. നേരായും കേരളീയത്തിന്റെ ഉദാരമനഃസ്ഥിതിലിത്തിരി മനഃപ്രയാസം തോന്നി.

ഗുമസ്തവർഗത്തിന് യാതൊരു പഞ്ഞോമില്ലാത്ത അനന്തപുരിയിൽ പ്രത്യേകിച്ചും ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിലെ സുപ്രധാന [illegible] പോക്കുകളിലൊന്നാണിതെന്നറിയ്യോ? ഡയറക്ട് മാർക്കറ്റിംഗ് ക്യാൻവാസിങ്ങിനാണേൽ പത്തു മുതൽ അഞ്ചു വരെ 'തോനേ' നേരം! രാവിലെ ചോറുപൊതിയോടൊപ്പം കക്കൂസ് കഴുകണ ലോഷൻ കുപ്പികളും ഡിയോഡറന്റും ബാർബേറിയൻ ആയുധങ്ങളും മൾട്ടി പർപ്പസ് സ്പ്രേകളുമൊക്കെ കൂടി കെട്ടിയെടുത്ത് ഒരു ചെറുകിട പോർട്ടബിൾ വിപണിയായാണോന്റെ വരവ്.

ഹാജർ ബുക്കിൽ തുല്യം ചാർത്തിക്കഴിഞ്ഞാൽ ശമ്പളത്തിന് പുറമേ നാലു കായിക്ക് വഴി കാണണല്ലോ. ചക്കാത്ത് ഫോൺ, ഫാക്സ്, ഇമെയിൻ - ഉദ്യോഗസ്ഥന്റെ ഇത്തരം പ്രിവിലേജുകളിൽ അസൂയ അരുത് [illegible] ല്യന്റെ അർത്ഥശാസ്ത്രത്തിന്റെ വെബ്സൈറ്റിൽ കുടുങ്ങാത്ത സ്ഥിതപ്രജ്ഞന്മാർ വളരെ വളരെ വിരളം ഒരുമാതിരി മനക്കരുത്തില്ലാത്തോനെയൊക്കെ വലയിൽ വീഴ്ത്താനുള്ള ഇക്കൂട്ടരുടെ ചാതുര്യം അപാരം.

ഒക്കെക്കഴിഞ്ഞ് ചോപ്പുനാട അഴിച്ചെന്നും വരും; ഇല്ലെന്നും വരും. ഏറെ വിയർക്കാതെ പൂത്ത പണം വാരണ വഴികളേറുന്നു. ആംവേ മാത്രമല്ല ക്വാണ്ടം മാതിരി ഏറെ കമ്പനികളുണ്ട്. നോട്ടിരട്ടിക്കൽ മണിച്ചെയിനുകളും സർവ്വത്ര! ഈ അധിക വരുമാനത്തിന് കരമൊഴിവാണെന്നതാണേറെ രസകരം. അത് സംഗതി വേറെ. മദ്യോം സിഗററ്റുമൊഴിച്ച് ബാക്കിയുള്ളതൊക്കെ സദാചാര സംഹിതയിലുൾപ്പെടുത്താവുന്നവയാണെന്നൊരു ഗൂഢധ്വനിയുമുണ്ടാ പരസ്യത്തിൽ.

നുമ്മക്കും കിട്ടണം പണംന്നാക്രാന്തം പിടിച്ച് മനുഷ്മ്മാർ കാട്ടിക്കൂട്ടണ പ്രാന്തുകൾ! അതവന്റെ മിടുക്ക്, വേണേൽ നിയ്യും കൂടിയ്ക്കോന്നൊരു തരം നിസംഗത - കേരളീയത്തിന്. ഡയോജനിസിന്റെ ആ നനഞ്ഞ ചൂട്ടുകറ്റയ്ക്ക് തീ പിടിപ്പിക്കാനൊരു കോത്താഴത്തുകാരനുമില്ലേയിവിടെ?

ഒരു സ്വകാര്യം - അത്രയ്ക്കും സാമ്പത്തിക പ്രതിസന്ധിയിലാണോ കേരളീയം? പത്രത്തിന്റെ വീക്ഷണത്തിനു ചേരുന്ന തരം പരസ്യങ്ങളിലൊതുങ്ങാൻ പറ്റാത്തൊരവസ്ഥയുണ്ടോ? കുറ്റപ്പെടുത്തീതല്ല; എന്നോട് പൊറുക്കുക

**ശ്രീലത, തിരുവനന്തപുരം**

---

എന്തുകൊണ്ട് കേരളീയം പത്രം വായിക്കുന്നുവെന്നും മറ്റു പത്രങ്ങളോടുള്ള ഞങ്ങളുടെ സമീപനമെന്ത് എന്നും ഞാനും അബ്ദുള്ളക്കുട്ടിയും എഴുതിയതാണ്, വിശദീകരിച്ചതാണ്.

പ്രതിരോധത്തിന്റെ ശബ്ദങ്ങളെ പ്രവർത്തനങ്ങളുടെ കൂട്ടായ്മകളെ സഹായിക്കുക എന്നതാണ് ഞങ്ങളുടെ നിലപാട്. ആ നിലയ്ക്ക് കേരളീയത്തെയും നിങ്ങളുടെ ആർജവത്തേയും ഞങ്ങളുടെ പക്ഷത്തു നിർത്താനാണ് ഞങ്ങൾ തീരുമാനിച്ചത്.

പോരായ്മകളും ബലഹീനതകളും ചെയ്ത സൽപ്രവൃത്തിയുടേയും ഉദ്ദേശശുദ്ധിയുടേയും മുമ്പിൽ പ്രസക്തിയില്ലാതായി തീരുകയായിരുന്നുവെന്ന് കേരളീയത്തിന്റെ കഴിഞ്ഞ ലക്കമല്ലാത്ത ലക്കം വരെ.

മലയാള പ്രമുഖ പത്രങ്ങളെല്ലാം ഞങ്ങളുടെ കച്ചവടതന്ത്രം പരസ്യമായി തന്നെ പറയാറുമുണ്ട് അത്. മലയാളിക്ക് ബോധ്യവുമുണ്ട്. പിന്നീട് ചെയ്യുന്ന ചതി വാർത്തകളിലൂടേയും ചിത്രങ്ങളിലൂടേയും പരോക്ഷമായി തങ്ങളുടെ ദൗത്യം നിറവേറ്റുക എന്നതാണ്.

അതിലേറെ ഭീകരമായ പുഴിക്കടകനും അവർ പ്രയോഗിക്കാറുണ്ട്. നാടൻഭാഷയിൽ കൂട്ടിക്കൊടുപ്പുകാരന്റെ റോൾ.... അതായത് വാർത്തയാണെന്ന് തെറ്റിദ്ധരിപ്പിച്ച് പരസ്യം വായിപ്പിക്കുക.

പത്രവായനയ്ക്ക് വേറൊരു തലം കൂടിയുണ്ട്. പത്രാധിപരേ... വരികൾക്കിടയിലൂടെ വായന....

അല്ല..... ഞങ്ങൾ കേരളീയത്തെ വായിച്ചെടുത്തതിൽ തെറ്റുപറ്റിയോ...? വെറുതെ പ്രതീക്ഷിച്ചോ....?

ഉടുതുണി ഒന്നുകൂടി മുറുക്കിയുടുക്കുന്നതും ഉരിയുന്നതും രണ്ടു വിരുദ്ധ സംസ്കാരബോധത്തിന്റെ പ്രതിഫലനങ്ങളാണ്. കഷ്ടപ്പാടു കൊണ്ട് കേരളീയം തുണി മുറുക്കിയുടുത്താണ് നാൾ നീക്കുന്നതെന്ന് ഞങ്ങളൂഹിച്ചു. നിലനിൽക്കാനുള്ള മാർഗങ്ങളാരാഞ്ഞുകൊണ്ടിരിക്കുന്നു. പക്ഷേ, നിലനിൽപ്പിനാണെന്ന പേരിൽ തുണിയുരിഞ്ഞാലോ വളരാനും പിടിച്ചുനില്ക്കാനും പ്രതിയോഗിയുടെ സഹായം പറ്റി, സഹയാത്രികരാവാനൊരുങ്ങി നിൽക്കുന്നവരെ വിഡ്ഢികളാക്കുന്ന പത്രധർമം.

വെച്ചടി വെച്ചടി... ഈ അടി മറക്കില്ല..... സുഹൃത്തെ. അവസാന ഖണ്ഡിക വരെ വായിക്കുമ്പോഴും ആംവെയെ കളിയാക്കുകയായിരിക്കും ഉദ്ദേശ്യം എന്നു കരുതി രണ്ടാവർത്തി വായിച്ചു. തരിച്ചുപോയി.

**-ചന്ദ്രൻ**
**ജനഭേരി സാംസ്കാരിക കേന്ദ്രം**
**എടവണ്ണ, മലപ്പുറം**

**കേരളീയത്തിന്റെ** ഒക്ടോബർ ലക്കത്തിൽ ഒന്നാം പേജിൽ തുടങ്ങി അഞ്ചാം പേജിലവസാനിക്കുന്ന ആംവേ കോർപറേഷനെ കുറിച്ചുള്ള ലേഖനം വായിച്ചു.

കേരളത്തിലെ സ്വർണ്ണാഭരണ - വസ്ത്ര വ്യാപാരികൾ ലക്ഷക്കണക്കിനു രൂപ ചെലവാക്കി ചെയ്യുന്ന പരസ്യത്തേക്കാൾ ബുദ്ധിപൂർവം (?) തയാറാക്കിയ ഈ പരസ്യം സാധാരണ നിലയിൽ ഒരു ലേഖനമായേ വായനക്കാരൻ കണക്കാക്കുകയുള്ളൂ.

ബഹുരാഷ്ട്ര കുത്തകകളെ പുല്ലുവില കണക്കാക്കി എല്ലാ താളുകളിലും കൊഞ്ഞനം കുത്തിയിരുന്ന 'ജാഗ്രതയുടെ കേരളീയം' എന്തിനാണ് ആംവേക്കായി പച്ച ഇഞ്ചി കടിച്ച് കൺശുദ്ധി വരുത്തിയത്.

ലോകോത്തര നിലവാരമുള്ള സാധനങ്ങൾ ഉപയോഗിക്കുന്നത് ഫാഷന്റെ ഭാഗമായി കണക്കാക്കാതെ, ഗുണനിലവാരവും ഉപയോഗക്ഷമതയും മനസിലാക്കി വില്ക്കുകയും വാങ്ങുകയും ചെയ്യുന്ന ഒരു കൂട്ടം ജനങ്ങൾ കേരളത്തിലുണ്ട്.

ഇങ്ങിനെയുള്ള സാധനങ്ങൾ ബഹുരാഷ്ട്ര കുത്തകകളുടേതാണെന്ന് പറഞ്ഞും പഠിപ്പിച്ചും 'മുന്നേറുന്ന' കേരളീയം ലേഖനമോ പരസ്യമോ എന്ന് തിരിച്ചറിയാനാവാത്ത വിധം ഇത്രയും സ്ഥലം തീറെഴുതി ആംവേ കോർപറേഷന് വിറ്റത് എന്തിനാണ്.

**റാഫി - പ്രചാര കലാമുറി,**
**കയ്പമംഗലം, തൃശൂർ**

---

## 'ടെക്ക'യുടെ ബ്രഹ്മി ഭ്രാന്തിന്

ബ്രഹ്മി എന്ന പേരിൽ കേരളത്തിൽ അറിയപ്പെടുന്നത് ചെറിയ ദീർഘ വൃത്താകാരത്തിലുള്ള മാംസളമായ ഇലകളുള്ള 'സ്ക്രോഫുലാരിയേസി' കുടുംബത്തിൽപ്പെട്ട ഒരു ചെറു സസ്യമാണ് ശാസ്ത്രനാമം: ബാക്കോപമോണിര. എന്നാൽ ഉത്തരേന്ത്യയിൽ ബ്രഹ്മി എന്ന പേരിൽ അറിയപ്പെടുന്നത് 'കുടകൻ' (കുടങ്ങൽ) എന്ന് നമ്മൾ വിളിക്കുന്ന ഔഷധച്ചെടിയാണ്. തലച്ചോറിനോട് സാമ്യമില്ലെങ്കിലും മനുഷ്യവൃക്കകളുടെ ആകൃതി ഇവയ്ക്കുണ്ട്. 'അംബലിഫെറെ' കുടുംബത്തിൽപ്പെട്ട കുടങ്ങലിന്റെ ശാസ്ത്രനാമം 'സെന്റെല്ല ഏഷ്യാറ്റിക്ക' എന്നും സംസ്കൃതനാമം ബ്രാഹ്മി, മണ്ഡൂകപർണി, സരസ്വതി എന്നും കാണുന്നു. ഇതിലെ ബ്രാഹ്മിയാവാം 'ടെക്ക' ശാസ്ത്രജ്ഞൻമാർ തെറ്റിദ്ധരിച്ച് ഉണക്കിയിരുട്ടി നമുക്ക് തരുന്നത്. എന്നിരുന്നാലും ഇത് വാങ്ങി കഴിക്കുന്നത് നല്ലതാണ്. ഇതിലടങ്ങിയിരിക്കുന്ന ബ്രാമോസൈഡ് ഭ്രാന്തിന് പരിഹാരമാണ്! അങ്ങിനെയെങ്കിലും കൊക്കോകോളയും, പെപ്സിയും അഭിനവ ദൈവം സച്ചിനും അടങ്ങുന്ന നമ്മുടെ ഭ്രാന്താലയത്തിന് ഒരു മാറ്റമുണ്ടാകുമല്ലോ?

**ഷിബു കുറുമ്പേമഠം**
**കണിയാമ്പറ്റ തപാൽ**
**673 124**

പ്രിയ പത്രാധിപർ,

'ബ്രഹ്മി ചേർക്കാത്ത കാപ്സ്യൂൾ' എന്ന ലേഖനം കേരളീയത്തിന്റെ ഒക്ടോബർ ലക്കത്തിൽ വായിച്ചു. അതിൽ പരാമർശിക്കുന്ന പരസ്യം ശ്രദ്ധയിൽപ്പെട്ടു . ഉടനെതന്നെ ഈ സംഘടന അതേപ്പറ്റി അന്വേഷിക്കയുണ്ടായി. ബ്രഹ്മിക്കു പകരം മുത്തിളിന്റെ പടം തന്നെയാണ് പരസ്യത്തിൻ നൽകിയിട്ടുള്ളത്. പക്ഷേ വടക്കേ ഇന്ത്യയിൽ മുത്തിളിനേയും (സെന്റെല്ല അസെറ്റിക്ക) ബ്രഹ്മി എന്നു തന്നെയാണ് വിളിക്കുന്നത്. നമ്മുടെ ബ്രഹ്മി (ബകോപ്പ മൊണീറ-Bazcopa Monneira) തന്നെയാണ് ഗുണത്തിൽ മെച്ചപ്പെട്ടതെങ്കിലും പോരാത്തതിന് മുത്തിളിന്റേയും ബ്രഹ്മിയുടേയും പലഗുണങ്ങളും ഏതാണ്ട് ഒരു പോലെതന്നെയെന്ന് ലേഖകനും പറയുന്നുണ്ട്.

പരസ്യത്തിലെ അവകാശവാദങ്ങളെ മാറ്റി നിർത്തിയാൽ പരസ്യം നൽകിയതിനെതിരെ മേൽപറഞ്ഞ കാരണത്താൽ നിയമനടപടികൾ എടുക്കാൻ ബുദ്ധിമുട്ടാണെന്നാണ് ഞങ്ങൾക്കു കിട്ടിയ ഉപദേശം. കേരള കാർഷികസർവകലാശാലയിലെ വിദഗ്ധരോടാണ് സാങ്കേതികപദേശം തേടിയതെന്നും വിശദമാക്കട്ടെ. ഇക്കാര്യം ശ്രദ്ധയിൽ കൊണ്ടുവരുന്നു.

**അശോക്കുമാർ**
(കേരള ഉപഭോക്തൃ സാരക്ഷണ സമിതി)
തൃശൂർ

## പത്രവായനക്കാരുടെ സംഘടനകൾ ആവശ്യം

**കേരളം** ഇന്ന് കുത്തക പത്രങ്ങളുടെ പ്രചാരണതന്ത്രങ്ങളിൽ പെട്ടുപോയിരിക്കുകയാണ്. വായനക്കാർക്ക് എന്താണ് ആവശ്യം എന്ന് ഇന്ന് തീരുമാനിക്കുന്നതും പത്രങ്ങളാണ്.

കോഴിക്കോട് പെൺവാണിഭത്തിലെ മുഖ്യപ്രതിയെന്ന് തെളിഞ്ഞിട്ടുപോലും മുൻമന്ത്രിയെ രക്ഷപ്പെടുത്താൻ സഹായിച്ചതും വ്യഭിചാരക്കേസ് ചാരക്കേസാക്കി നിറംപിടിപ്പിച്ച് നമുക്ക് മുന്നിലെത്തിച്ചതും മാവൂർ സമരം പ്രാദേശിക എഡിഷനിൽ മാത്രം ഒതുക്കുന്നതും കേരളത്തിലെ മുഖ്യധാര പത്രങ്ങളാണ്.

എല്ലാരംഗത്തുമെന്നപോലെ പത്രവായനക്കാർക്കും ഇന്ന് സംഘടന ആവശ്യമാണ്. ജനാധിപത്യസംരക്ഷകരായി സ്വയം മേനി നടിക്കുന്ന പത്രങ്ങൾ രാഷ്ട്രീയ/ഭരണരംഗങ്ങളെയൊക്കെ നിയന്ത്രിക്കുന്ന മാഫിയകളാകുന്നത് പത്രം പോലുള്ള സിനിമകളിലൂടെ നാം കണ്ടുകഴിഞ്ഞല്ലോ. ആരോഗ്യകരമായ ഒരു വായനാസംസ്കാരം വളർത്തിയെടുക്കാൻ പത്രവായനക്കാരുടെ സംഘടന ആവശ്യം തന്നെയാണ്.

പത്രങ്ങളുടെ അനാശാസ്യ പ്രവണതകൾക്കെതിരേ പത്രബഹിഷ്കരണം വരെയുള്ള സമരമുറകൾക്ക് കഴിവുള്ള ഒരു പത്രവായനക്കാരുടെ സംഘടന. ആവശ്യത്തിനും അനാവശ്യത്തിനും കൊടികുത്താനും സമരം ചെയ്യാനും മടിക്കാത്ത മലയാളി ഇതിന് മുന്നിട്ടിറങ്ങിയാൽ എത്ര നന്നായിരുന്നു.

സംഗീത ടി.ആർ
പട്ടാമ്പി, പാലക്കാട്

